"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - മജ്ജ മാറ്റിവെയ്ക്കൽ ശാസ്ത്രക്രിയയെ തുടർന്ന് ചികിത്സയിലിരിക്കവേ മരണപ്പെട്ട തിരുവനന്തപുരം സ്വദേശിനി ഇഷാങ്ക എന്ന കുട്ടിയുടെ രക്ഷിതാക്കൾക്ക് ബാലനിധിയിൽ നിന്നും 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.315/2025/WCDD തീയതി,തിരുവനന്തപുരം, 08-07-2025

---

പരാമർശം:-
1. സ.ഉ(സാധാ)നം.730/2017/സാനീവ, തീയതി 01/11/2017
2. 22/04/2022 തീയതിയിലെ വനിത ശിശു വികസന ഡയറക്ടറുടെ -ICPS-4(A)/11851/2021 നമ്പർ കത്ത്.
3. 10/07/2024 തീയതിയിലെ വനിത ശിശു വികസന ഡയറക്ടറുടെ DWCD/3764/2022-ICPS 4 നമ്പർ കത്ത്.

**ഉത്തരവ്**

വെല്ലൂർ സി.എം.സി മെഡിക്കൽ കോളേജിൽ മജ്ജ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയക്കു വിധേയയായ തിരുവനന്തപുരം സ്വദേശിനി ഇഷാങ്ക എന്ന കുട്ടിക്കു ചികിത്സാർത്ഥം ബാലനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു. എന്നാൽ ഇഷാങ്ക എന്ന കുട്ടി ചികിത്സയിലിരിക്കവേ 2022 മെയ് 22 ന് മരണപ്പെട്ടുവെന്നും കുട്ടിയുടെ മജ്ജ മാറ്റിവെയ്ക്കൽ ശാസ്ത്രക്രിയക്കു മാത്രം 20 ലക്ഷം രൂപ ചെലവായതിനാൽ കുടുംബം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നും പരാമർശം(3) പ്രകാരം വനിത ശിശു വികസന ഡയറക്ടർ തുടർന്ന് അറിയിച്ചിരുന്നു.

2) ജുവനൈൽ ജസ്റ്റിസ് ആക്റ്റിന്റേയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, പുനരധിവാസം, സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സമൂഹത്തിൽ ഏറ്റവും കൂടുതൽ വിഷമതകളനുഭവിക്കുന്ന 18 വയസ്സിനു താഴെയുള്ള കുട്ടികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും പുനരധിവാസത്തിനും വേണ്ടി ധനസഹായം നൽകുന്നതിനായി രൂപീകരിച്ച 'ബാലനിധി'യുടെ മാർഗനിർദേശങ്ങൾ പ്രകാരം ഗുണഭോക്താവായ കുട്ടി സഹായധനം അനുവദിക്കുന്നതിന് മുൻപായി മരണപ്പെടുന്ന പക്ഷം, കുടുംബത്തിന് സഹായധനം അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. എന്നാൽ ഈ കേസിൽ മരണപ്പെട്ട കുട്ടിയുടെ കുടുംബത്തിന്റെ സ്ഥിതി പരിഗണിച്ചു അടിയന്തിര തുടർനടപടി സ്വീകരിക്കണമെന്ന് വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മജ്ജ മാറ്റിവെയ്ക്കൽ ശാസ്ത്രക്രിയയെ തുടർന്ന് ചികിത്സയിലിരിക്കവേ മരണപ്പെട്ട തിരുവനന്തപുരം സ്വദേശിനി ഇഷാങ്ക എന്ന

കുട്ടിയുടെ ചികിത്സക്കായി ഭീമമായ തുക ചെലവായതിനെ തുടർന്ന് കുടുംബം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നത് കണക്കിലെടുത്തു ഇഷാങ്കയുടെ രക്ഷിതാക്കൾക്ക് ബാലനിധിയിൽ നിന്നും 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj
സെക്ഷൻ ഓഫീസർ
Date: 08-07-2025 16:35:19